പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 992

30/06/2015-ലെ
മറുപടിയ്ക്ക്

## മിഷൻ 676 - പട്ടികജാതി ക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | മിഷൻ 676-ൽ ഉൾപ്പെടുത്തി, പട്ടിക ജാതി ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | 1) 50,000/- രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽ പ്പെട്ട മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി ഓരോരുത്തരുടെയും പേരിൽ 50,000/ രൂപ വീതം സ്ഥിരം നിക്ഷേപം നടത്തുന്ന 'വാത്സല്യനിധി' പദ്ധതി.<br>2) സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നതിന് ''വിദ്യാജ്യോതി'' പദ്ധതി.<br>3) തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനുമുള്ള സ്മൃതിവനം പദ്ധതി.<br>4) പട്ടികജാതിക്കാർ, സഹകരണ സ്ഥാപനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും, 31/03/2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000/- രൂപവരെയുള്ള വായ്പ എഴുതി തള്ളൽ പദ്ധതി. |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | 1)വാത്സല്യനിധി പദ്ധതി:- 5000 പെൺകുട്ടികൾക്കായി നടപ്പുവർഷം 2500 ലക്ഷം രൂപ ചെലവു വരുന്നതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ പ്രാഥമിക നടപടികൾ സ്വീകരിക്കുകയും വിവിധ ധനകാര്യ സ്ഥാനങ്ങളുമായി ചർച്ച നടത്തിയതിൽ ഏറ്റവും കൂടുതൽ മടക്കതുക വാഗ്ദാനം ചെയ്ത എൽ.ഐ. സി യെ നിർവ്വഹണ ഏജൻസി യായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതി നടത്തിപ്പിനായുള്ള രൂപരേഖ സർക്കാർ |

| | | | |
|---|---|---|---|
| | | | പരിശോധിച്ചു വരുന്നു.<br><br>2)വിദ്യാജ്യോതി:-ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 4വരെയുള്ള കുട്ടികൾക്ക് പ്രാഥമിക ചെലവുകൾക്കായി 2000 രൂപവെച്ച് 2014-15 മുതൽ അനുവദിക്കുന്നുണ്ട്. ഹൈസ്കൂൾ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.<br><br>3)സ്മൃതിവനം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ച 37 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള ശുപാർശ ലഭിച്ചതിൽ നിന്നും 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, 22 ശ്മശാനങ്ങളുടെ നവീകരണത്തിനായി 2014-15 സാമ്പത്തിക വർഷം 110.69 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>4)വായ്പ എഴുതി തള്ളൽ പദ്ധതി:- സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31/03/2010 ൽ തിരിച്ചടവ് കാലാവധികഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് 30.03.2015 ലെ സ.ഉ.(അച്ചടി) നം. 24/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) | വാത്സല്യനിധി പദ്ധതിക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണന യിലാണ്. വിദ്യാജ്യോതി പദ്ധതിക്കുള്ള ശുപാർശ പരിശോധിച്ച് വരികയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്മൃതി വനം പദ്ധതി നടപ്പിലാക്കാൻ 180.44 ലക്ഷം രൂപയുടെ ഭരണാനുമതി 2014-15 ൽ നൽകിയിട്ടുണ്ട്. വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് 30.03.2015ലെ സ.ഉ.(അച്ചടി) നം. 24/2015/ പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |

Sd/-

സെക്ഷൻ ഓഫീസർ